DESPATCHED
On... 29/06/2020
16.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 033

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 267(7)/2015/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 1847/എസ്.ഐ.സി-ജി6/15

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ടി.പി.വർഗ്ഗീസ്,
മണ്ണിനാൽ, ചുങ്കത്ത് പി.ഒ.,
നിലമ്പൂർ, മലപ്പുറം – 679 334. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   അക്കാദമിക് വിഭാഗം,
   ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയം,
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
   ശാന്തി നഗർ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ
   ഡയറക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ്
   ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

2015ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി നൽകിയതായും ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നുവെന്നുമാണ്. കൂടാതെ ബന്ധപ്പെട്ട തപാലുകൾ രേഖപ്പെടുത്തിയിട്ടുള്ള പേഴ്സണൽ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത

ഫയൽ കെ.ഡിസ് ആയി തീർപ്പാക്കിയതായി കാണുന്നുവെന്നും ആയതിനാൽ 2014 വർഷത്തെ പ്രസ്തുത ഫയൽ ശേഖരത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 30.11.2019ൽ കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. ആയതുപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
THIRUVANANTHAPURAM